**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം- പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജിലെ അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.അബ്ദുൾ വഹാബ് കെ. ഫയൽ ചെയ്ത OA (EKM) 1658/2023 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.02.2024 തീയതിയിലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.540/2024/HEDN തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. സ.ഉ(കൈ)നം.27/94/ഉ.വി.വ തീയതി 21.02.1994
2. സ.ഉ(കൈ)നം114/2004/ഉ.വി.വ തീയതി 01.09.2004
3. സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.09.2023 - ലെ എ4/32566/2023/കോ.വി.വ നമ്പർ കത്ത്.
5. OA (EKM) 1658/2023 മേലുള്ള ബഹു.കേരളഅഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.02.2024 തീയതിയിലെ ഉത്തരവ്
6. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 22.03.2024 - ലെ എ4/32566/2023/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജിലെ അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.അബ്ദുൾ വഹാബ് കെ., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1658/2023 നമ്പർ കേസിന്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ പരാമർശം (5) - ലെ ഉത്തരവിൽ അപേക്ഷകൻ നാലാം എതിർ കക്ഷിക്കെതിരെ ബഹു.കോടതി മുൻപാകെ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങൾ പരിശോധിച്ച്, അപേക്ഷകനെയും, നാലാം എതിർ കക്ഷിയെയും നേരിൽ കേട്ട ശേഷം ഉത്തരവ് ലഭിച്ച ആറ് ആഴ്ചയ്ക്കകം തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച കേസ് തീർപ്പാക്കിയിരുന്നു.

2.ബഹു.കോടതി നിർദ്ദേശ പ്രകാരം, അപേക്ഷകനെയും,നാലാം എതിർ കക്ഷിയെയും, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധികളേയും 05.04.2024 തീയതിയിൽ നേരിൽ കേട്ടിരുന്നു.

3.കോളേജ് അധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിൽ, ഔട്ട് സ്റ്റേഷൻ പരിഗണിക്കുന്നത്

ഹോം സ്റ്റേഷൻ ആയി ഡിക്ലയർ ചെയ്തിട്ടുള്ള കോളേജിൽ നിന്നും ഔട്ട് സ്റ്റേഷൻ ആയി വർക്ക് ചെയ്തിട്ടുള്ള കോളേജിലേയ്ക്കുള്ള ദൂരം കണക്കാക്കി വേണമെന്നും എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സിറ്റി സെന്ററിൽ നിന്നും ദൂരം കണക്കാക്കുന്ന രീതിയാണ് പിന്തുടരുന്നതെന്നും ഈ വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നും, ടിയാൻ ഏത് കോളേജിലും ജോലി ചെയ്യാൻ സന്നദ്ധനാണെന്നും അപേക്ഷകൻ ഹിയറിംഗിൽ ബോധിപ്പിച്ചിരുന്നു.

4. നാലാം എതിർ കക്ഷിയായ ശ്രീമതി.ഉമ്മുസൽമ, ടിയാരിയ്ക്ക് 6Y 9M 13 days ഔട്ട് സ്റ്റേഷൻ സർവ്വീസ് ഉണ്ടെന്നും, അപേക്ഷകനായ ഡോ.അബ്ദുൾ വഹാബ്.കെ - യുടെ, മങ്കട ഗവ.കോളേജിലെ സേവനം ഹോം സ്റ്റേഷൻ ഡ്യൂട്ടി ആയി മാത്രമെ കണക്കാക്കാൻ കഴിയു എന്നും, ടിയാരി നാല് മാസം പ്രഗനന്റ് ആണെന്നും, യാത്ര ചെയ്യുന്നതിൽ ബുദ്ധിമുട്ട് ഉണ്ടെന്നും ആയതിനാൽ ടിയാരിയ്ക്ക് പെരിന്തൽമണ്ണ പി.ടി.എം.കോളേജിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടിരുന്നു.

5. ടി വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സേവനത്തിലിരുന്ന അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.അബ്ദുൾ വഹാബ് കെ. 2023-24 പൊതു സ്ഥലംമാറ്റത്തിനായി ചുവടെ ചേർക്കുന്ന ഓപ്ഷനുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

1. പട്ടാമ്പി SNGS ഗവ.കോളേജ്
2. മലപ്പുറം ഗവ. കോളേജ്
3. പെരിന്തൽമണ്ണ PTM ഗവ. കോളേജ്
4. തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ്
5. നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ്
6. കൊണ്ടോട്ടി ഗവ. ആർട്സ് & സയൻസ് കോളേജ്

ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ കരട് പട്ടികയിൽ മലപ്പുറം ഗവ.കോളേജിലെ ശ്രീ.മുഹമ്മദ് സലിം വിരമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ ടിയാന് സ്ഥലം മാറ്റം നൽകുന്നതിനായി പരിഗണിച്ചിരുന്നു.എന്നാൽ ശ്രീ.മുഹമ്മദ് സലിമിന്റെ ജനനത്തീയതി തെറ്റായി രേഖപ്പെടുത്തിയിരുന്നതാണെന്ന് പിന്നീട് ബോധ്യപ്പെടുകയും, ഡോ.അബ്ദുൾ വഹാബ്.കെ യ്ക്ക് ടിയാന്റെ ഹോം സ്റ്റേഷൻ ആയ പെരിന്തൽമണ്ണ പി.ടി.എം. ഗവ.കോളേജിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുകയും ചെയ്തിരുന്നു. പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജിൽ ഓപ്പൺ വേക്കൻസി ഇല്ലാതിരുന്നതിനാൽ ടി കോളേജിൽ നിലവിലുള്ള അദ്ധ്യാപകരിൽ ഔട്ട് സ്റ്റേഷൻ സേവനം കുറവായ ശ്രീമതി.ഉമ്മുസൽമ.എൻ-ന് നിർബന്ധിത സ്ഥലംമാറ്റം നൽകിയാണ് ഡോ.അബ്ദുൾ വഹാബ്.കെ-യ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നത്. ടി ഉത്തരവിനെതിരെ ടിയാരി പരാതി സമർപ്പിക്കുകയുണ്ടായിരുന്നു.

6. ഡോ.അബ്ദുൾ വഹാബ് കെ., 01.07.2014 മുതൽ 01.11.2020 വരെ സേവനമനുഷ്ഠിച്ച മങ്കട ഗവ.കോളേജിലെ താൽക്കാലിക കെട്ടിടത്തിലെ സേവന കാലയളവ് ഔട്ട് സ്റ്റേഷൻ ഡ്യൂട്ടിയായി ക്ലെയിം ചെയ്താണ് 2023 - 24 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്. ടി അപേക്ഷ പ്രകാരം ടിയാന്റെ 10 Yrs 10 month 16 Days ഔട്ട് സ്റ്റേഷൻ സർവീസ് പരിഗണിച്ചാണ് 6 Yrs 9 month 13 days ഔട്ട് സ്റ്റേഷൻ സർവീസുള്ള

ശ്രീമതി.ഉമ്മുസൽമ.എൻ - ന് നിർബന്ധിത സ്ഥലമാറ്റം നൽകി ടിയാന്റെ ഹോം സ്റ്റേഷനായ പെരിന്തൽമണ്ണ പി.ടി.എം. ഗവ.കോളേജിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നത്. എന്നാൽ ശ്രീമതി.ഉമ്മുസൽമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം പുനഃപരിശോധിച്ചപ്പോൾ മങ്കട ഗവ.കോളേജിലെ 01.07.2014 മുതൽ 01.11.2020 വരെയുള്ള ടിയാന്റെ സേവനകാലയളവ് ഹോം സ്റ്റേഷൻ ഡ്യൂട്ടി ആണെന്ന് ബോധ്യപ്പെടുകയുണ്ടായി. മാത്രവുമല്ല ഇതിന് മുൻപുള്ള വർഷങ്ങളിലെ പൊതുസ്ഥലം മാറ്റത്തിലും ടിയാൻ ഇതേ ക്ലെയിം ഉന്നയിച്ചിരുന്നെങ്കിലും, അതെല്ലാം നിരസിക്കുകയാണുണ്ടായത്. ടി സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ടിയാന്റെ വിശദീകരണം തേടുകയുണ്ടായിരുന്നു(Annexure A7). ആയതിനെതിരെയാണ് ടിയാൻ ബഹു.കോടതിയെ സമീപിച്ചിരുന്നത്.

7. പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ഹോം സ്റ്റേഷൻ എന്നാൽ സിറ്റിയിൽ നിന്നും 15 കിലോമീറ്റർ ചുറ്റളവിലുള്ള കോളേജുകൾ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെരിന്തൽമണ്ണ പി.ടി.എം. ഗവ.കോളേജും, മങ്കട ഗവ.കോളേജ് 2020 നവംബർ വരെ പ്രവർത്തിച്ചിരുന്ന താൽക്കാലിക കെട്ടിടമായ ജവാഹി റൂൽ ഉലൂം മദ്രസയും തമ്മിലുള്ള ദൂരമാണ് ഔട്ട് സ്റ്റേഷൻ ആയി ക്ലയിം ചെയ്യുന്നതിന് ഡോ.അബ്ദുൾ വഹാബ് കെ., ആധാരമാക്കിയിട്ടുള്ളത്. ഇത് മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾക്ക് എതിരാണ്. പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജും, മങ്കട ഗവ.കോളേജ് 2020 നവംബർവരെ പ്രവർത്തിച്ചിരുന്ന താൽക്കാലിക കെട്ടിടമായ ജവാഹി റൂൽ ഉലൂം മദ്രസയും പെരിന്തൽമണ്ണ സിറ്റിയിൽ നിന്നും 15 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാകയാൽ രണ്ടും ടിയാന്റെ ഹോം സ്റ്റേഷൻ ആണെന്ന് വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി.ഉമ്മുസൽമ്മ.എൻ നൽകിയ പരാതി പരിഗണിച്ച് ടിയാരിയെ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജിലേയ്ക്കും, ഡോ.അബ്ദുൾ വഹാബ്.കെ യെ പെരിന്തൽമണ്ണ പി.ടി.എം. ഗവ. കോളേജിൽ നിന്നും എറണാകുളം മഹാരാജാസ് കോളേജിലേയ്ക്കും ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ഡോ.അബ്ദുൾ വഹാബ്.കെ ബഹുമാനപ്പെട്ട KAT യിൽ ഫയൽ ചെയ്ത OA(EKM) 1658/2023 നമ്പർ കേസിൽ ടി ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു.

8. പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരവും, അപേക്ഷകനെയും, എതിർ കക്ഷിയെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

9. പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ഹോം സ്റ്റേഷൻ എന്നാൽ സിറ്റിയിൽ നിന്നും 15 കിലോമീറ്റർ ചുറ്റളവിലുള്ള കോളേജുകൾ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും, നിയമനവും അംഗീകരിച്ച് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 9(i) പ്രകാരം ഒരു ജില്ലയിലെ (റവന്യൂ ജില്ല) 15 കിലോമീറ്റർ ചുറ്റളവിനുള്ളിലെ സർവ്വീസ് ഒരേ സ്റ്റേഷനിലെ സർവീസ് ആയി കണക്കാക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്(സ്റ്റേഷൻ എന്നത് ജീവനക്കാരൻ അവസാനം ജോലി ചെയ്ത ഓഫീസ് എന്നല്ല സൂചിപ്പിക്കുന്നത്). എന്നാൽ സിറ്റിയുടെ ചുറ്റളവ് (സിറ്റി സെന്റർ) എവിടെ നിന്ന് കണക്കാക്കും എന്നത് സംബന്ധിച്ച് ടി ഉത്തരവുകളിൽ ഒന്നും പരാമർശിച്ചിട്ടില്ല. കോളേജുകൾ തമ്മിലുള്ള ദൂരം മാനദണ്ഡമായി കണക്കാക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ നിലവിലില്ലാത്തിനാലും ഡോ.അബ്ദുൾ വഹാബിനെതിരെ ആരംഭിച്ച Annexure A7 പ്രകാരമുള്ള നടപടികൾ അവസാനിപ്പിക്കുന്നതിനും, ടിയാനെ പെരിന്തൽമണ്ണ ഗവ.കോളേജിൽ

നിലനിർത്തുന്നതിനും, എറണാകുളം മഹാരാജാസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസ്സർ ശ്രീമതി.ഉമ്മു സൽമയുടെ പരാതി പ്രത്യേകം പരിശോധിച്ച് പരിഹരിയ്ക്കുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

10. മേൽ പ്രകാരം പെരിന്തൽമണ്ണ പി.ടി.എം ഗവ.കോളേജിലെ അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.അബ്ദുൾ വഹാബ് കെ. ഫയൽ ചെയ്ത OA (EKM) 1658/2023 ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.02.2024 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

ഡോ.അബ്ദുൾ വഹാബ് കെ., അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ, പി.ടി.എം ഗവ.കോളേജ്, പെരിന്തൽമണ്ണ

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ശ്രീമതി.ഉമ്മു സൽമ. എൻ., അറബിക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ, മഹാരാജാസ് കോളേജ്, എറണാകുളം

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ( www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/59/2024-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 09-05-2024 11:10:45

സെക്ഷൻ ഓഫീസർ